# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1210** — **03.12.2015 ൽ മറുപടിയ്ക്ക്**

**പബ്ലിക് - പ്രൈവറ്റ് പാർട്ടണർഷിപ്പ് അടിസ്ഥാനത്തിൽ പുതിയ കോഴ്സുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.എം. മാണി** | **ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) തിരുവനന്തപുരം ബാർട്ടൻഹിൽ എഞ്ചിനിയറിങ്ങ് കോളേജിലും തൃശ്ശൂർ എൻജിനിയറിംഗ് കോളേജിലും പബ്ലിക് - പ്രൈവറ്റ് പാർട്ടണർഷിപ്പ് അടിസ്ഥാനത്തിൽ ഏതെങ്കിലും വിദേശ കമ്പനിയുമായി ചേർന്ന് പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ ; | എ) തിരുവനന്തപുരം ബാർട്ടൻഹിൽ എഞ്ചിനിയറിംഗ് കോളേജിൽ പബ്ലിക് - പ്രൈവറ്റ് പാർട്ടണർഷിപ്പ് അടിസ്ഥാനത്തിൽ വിദേശ കമ്പനിയുമായി ചേർന്ന് രണ്ട് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.<br>തൃശ്ശൂർ എൻജിനിയറിംഗ് കോളേജിൽ കോഴ്സുകൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല. |
| ബി) എങ്കിൽ ഏതെല്ലാം കോഴ്സുകളാണ് ആരംഭിച്ചത് ; | ബി) 1. എം.ടെക് പ്രോഗ്രാം ഇൻ ട്രാൻസ്ലേഷണൽ എഞ്ചിനിയറിംഗ് (ട്രാൻസ്ലേഷണൽ റിസർച്ച് ആന്റ് പ്രൊഫഷണൽ ലീഡർഷിപ്പ് സെന്റർ)<br>2. അഡ്വാൻസ് ഡിപ്ളോമ ഇൻ ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് (ആഡ്വം കോഴ്സ്) |
| സി) പ്രസ്തുത കോഴ്സുകൾക്കുള്ള ഫീസ് ഘടന നിശ്ചയിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | സി) കോഴ്സുകൾക്കുള്ള ഫീസ് ഘടന നിശ്ചയിച്ചിട്ടുണ്ട്.<br><br>എം.ടെക് പ്രോഗ്രാം ഇൻ ട്രാൻസ്ലേഷണൽ എഞ്ചിനിയറിംഗ് (ട്രാൻസ്ലേഷണൽ റിസർച്ച് ആന്റ് പ്രൊഫഷണൽ ലീഡർഷിപ്പ് സെന്റർ)<br>ട്യൂഷൻ ഫീസ് - 75,000 രൂപ (ഒരു സെമസ്റ്ററിന്)<br>(മൊത്തം 4 സെമസ്റ്റർ)<br><br>അഡ്വാൻസ് ഡിപ്ളോമ ഇൻ ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് (ആഡ്വം കോഴ്സ്)<br>ട്യൂഷൻ ഫീസ് - 85,000 രൂപ |
| ഡി) പ്രസ്തുത ആവശ്യങ്ങൾക്ക് നാളിതുവരെ എത്ര തുക ചെലവ് ചെയ്തുവെന്ന് വിശദമാക്കുമോ ? | ഡി) എം.ടെക് പ്രോഗ്രാം ഇൻ ട്രാൻസ്ലേഷണൽ എഞ്ചിനിയറിംഗ് കോഴ്സിന് നാളിതുവരെ ചെലവഴിച്ച തുക<br>2013-14 – 20 ലക്ഷം രൂപ<br>2014-15 - 68 ലക്ഷം രൂപ<br>2015 -16 - 12.83 ലക്ഷം രൂപ<br>അഡ്വാൻസ് ഡിപ്ളോമ ഇൻ ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് കോഴ്സിന് നാളിതുവരെ 90 ലക്ഷം രൂപ ചെലവായി. |

**സെക്ഷൻ ഓഫീസർ**